"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് - 2008-2009 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.6 - തടസ്സപ്പെടുത്തിയ തുകക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( എ ബി ) വകുപ്പ്**

G.O.(Rt)No.2092/2025/LSGD തീയതി,തിരുവനന്തപുരം, 23-08-2025

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 29.01.2022 ലെ പി എ എൻ/1245/2022- എം3 ( ഡി പി ) നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28.09.2022 ലെ ഡി.കെ.എസ്.എ 1579/പി.റ്റി3(പി റ്റി 2)/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 പ്രകാരം, മഞ്ഞളിപ്പ രോഗം ബാധിച്ച കവുങ്ങ് വെട്ടിമാറ്റുന്നതിനുള്ള ധനസഹായം അനുവദിക്കുന്നത് സബ്സിഡി മാർഗ്ഗരേഖയിലുൾപ്പെടാത്തതിനാൽ ഈയിനത്തിൽ ചെലവായ 64,000/- രൂപ സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ റൂറൽ ഡയറക്ടർ പരപാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ 5 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി മഞ്ഞളിപ്പ് രോഗം ബാധിച്ചിരുന്നതായും ആയതിനെ തുടർന്ന് ഗ്രാമസഭകളിലെ നിർദ്ദേശം പരിഗണിച്ചാണ് രോഗം ബാധിച്ച കവുങ്ങുകൾ വെട്ടിമാറ്റുന്നതിനു തീരുമാനിച്ചതെന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല കൃഷി വകുപ്പ് തയ്യാറാക്കിയ പദ്ധതിയിൽ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിരുന്നില്ലെന്നും കൃഷിനാശം ബാധിച്ച കർഷകരെ സഹായിക്കുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതിയിൽ ധനദുർവിനിയോഗം നടത്തിയിട്ടില്ല എന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും തടസ്സപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് സാധൂകരണം നൽകുന്നതിനായി കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

3. പരാമർശ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് 16.08.2021 ലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും (തീരുമാനം നം 1/138(5)/21) 23.11.2021 ലെ ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയും (നം.42/9) ശിപാർശ ചെയ്തിട്ടുള്ളതിനാലും തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിലും പുനരഭിപ്രായക്കുറിപ്പിലും നിർദ്ദേശിച്ചിട്ടുള്ളതിനാലും കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്

എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 പ്രകാരം തടസ്സപ്പെടുത്തിയ **64,000/- രൂപയുടെ ( അറുപത്തി നാലായിരം രൂപ മാത്രം )** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/33/2022-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 23-08-2025 15:37:37